(ഡി) കമ്മിറ്റി അംഗങ്ങൾ.

1. ശ്രീ. കെ. സുകുമാരൻ, മാനേജിംഗ് എഡിറ്റർ, കേരളകൗമുദി.
2. ,, തോമസ് ചെറിയാൻ, മാനേജിംഗ് എഡിറ്റർ, ദീപം.
3. ,, എ. വി. ജോർജ്ജ്, മാനേജിംഗ് എഡിറ്റർ, കേരളശബ്ദം.
4. ,, വി. റ്റി. ഇന്ദുചൂടൻ, മാനേജിംഗ് എഡിറ്റർ, ദേശാഭിമാനി.
5. ,, വി. പി. മാധവൻനായർ
6. ,, പി. ആർ. ജോൺ
7. ,, കെ. കെ. ശ്രീധരൻ നായർ
8. ,, പവനൻ.

(സി) കമ്മിറ്റിയുടെ കാലാവധി രണ്ടു വർഷമാണ്. ഇപ്പോൾ നിലവിലിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി അവസാനിച്ചിരിക്കുകയാണ്. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിലേക്കായുള്ള നടപടികൾ എടുത്തു കഴിഞ്ഞു.

(ഡി) മലബാർ വിഭാഗത്തിലെ പത്രലേഖകസംഘത്തിനു ഈ കമ്മിറ്റിയിൽ പ്രാതിനിദ്ധ്യം ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കഥകളിയുടെ പ്രോത്സാഹനത്തിനു സഹായധനം.

*1291. [6] ശ്രീ. ഇ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളീയ കലകളുടെ മുൻപന്തിയിൽ വർത്തിക്കുന്ന കഥകളിയുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ എന്തെല്ലാം ചെയ്യുന്നുണ്ട് ;

(ബി) കലാസമിതികളോ, വായനശാലാ കമ്മിറ്റികളോ സംഘടിപ്പിക്കുന്ന കഥകളി വിദ്യാലയങ്ങൾക്കു സഹായധനം കൊടുക്കുന്നുണ്ടോ ;

(സി) ഏതെങ്കിലും സ്ഥിരം സ്ഥാപനത്തിനു ഗ്രാന്റ് നൽകുന്നുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) സുകുമാരകലകളുടെ കൂട്ടത്തിൽ പ്രധാനമായിട്ടുള്ള കഥകളിയേയും മറ്റും പ്രോത്സാഹിപ്പിക്കുവാൻ കേരള സംഗീതനാടക അക്കാഡമി രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളിലെ എലക്ടീവ് സബ്ജക്റ്റായി ഇതു കൂടി ചേർത്തു് അങ്ങനെയുള്ള വിദ്യാലയങ്ങളിൽ കേരള സംഗീത നാടക അക്കാഡമിക്ക വിശേഷാൽ സഹായധനം നൽകാവുന്നതാണ്.

(സി) ഉണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : ഇതുപോലെ സംഗീത അക്കാഡമി വല്ല സ്ഥലത്തും കൊടുത്തിട്ടുള്ളതായറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉണ്ടെന്നാണ് തോന്നുന്നതു്. നോട്ടീസ് വേണം.

ശ്രീ. എം. നാരായണക്കുറുപ്പ് : കഥകളി പ്രോത്സാഹിപ്പിക്കുന്നതിനായി കഥകളിയെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly